LESPATCHED On 20/2/2020

16/01/2020


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic@kerala.nic.in


ഹർജി നമ്പർ **CP 722(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.9118/SIC-Gen5/2015**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കുന്നിൽ സുൽഫി,
ചിറയിൻകീഴ് പി.ഒ.,
തിരുവനന്തപുരം. 695 304. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 18.4.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.4.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.5.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 29.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 4.7.2015 & 3.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 10.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 13.1.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കുന്നിൽ സുൽഫി, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം നാളിതുവരെ വ്യക്തമായി നൽകിയിട്ടില്ലെന്നും മറ്റുമാണ്.

2. പഞ്ചായത്ത് ഡയറക്ടറേറ്റ് മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പെരുമാതുറ പഞ്ചായത്തുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം മേൽപ്പടി ഓഫീസിൽ ലഭ്യമല്ലെന്നും ആയതിനാൽ ലഭ്യമായ വിവരം ഹർജിക്കാരന് നൽകുന്നതിനായി ഹർജിക്കാരന്റെ

അപേക്ഷയുടെ പകർപ്പ് തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പിലേക്ക് കൈമാറുന്നു എന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ തദ്ദേശ സ്വയംഭണ (ഇ.എം) വകുപ്പ് എസ്.പി.ഐ.ഒ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലത്തിൽ നിന്നും 25.4.2015 തീയതി കൈമാറി ലഭിച്ചിരുന്നു എന്നും ആയത് തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പിൽ ലഭിച്ചത് 4.5.2015 തീയതി ആണെന്നും ആയതിന്മേലുള്ള മറുപടി 2.6.2015 ലെ 185730/ഇ.എം.3/2015 ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഹർജിക്കാരന് നൽകിയിരുന്നു എന്നും എന്നാൽ മേൽപ്പടി തീർപ്പു ഫയൽ ഈ അവസരത്തിൽ സെക്ഷനിൽ കണ്ടെത്താൻ കഴിയാത്തതിനാൽ ആയത് മറ്റ് ഏതെങ്കിലും സെക്ഷനിൽ ലഭിച്ചിട്ടുണ്ടോ എന്ന് അറിയാൻ എല്ലാ വകുപ്പുകൾക്കും കുറിപ്പ് നൽകിയിരുന്നു എന്നും 2015 ൽ ത.സ്വ.ഭ. വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്ന അവസരത്തിൽ ചില ഫയലുകൾ ഇ-ഓഫീസ് സംവിധാനത്തിലും മറ്റും ചില ഫയലുകൾ ഫിസിക്കൽ ആയും ചെയ്തു വന്നിരുന്നു എന്നും പരാമർശിത തപാൽ ഇ-ഓഫീസിൽ കാണുന്നുണ്ടെങ്കിലും ബന്ധപ്പെട്ട ഫിസിക്കൽ ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ കൈമാറി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ (ഇ.എം) വകുപ്പിൽ ലഭ്യമായ വിവരങ്ങൾ നൽകിയിരുന്നു എന്നും എന്നാൽ ഹർജിക്കാരൻ തദ്ദേശ സ്വയം ഭരണ വകുപ്പിലെ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ലെന്നും മറ്റുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകേണ്ടിയിരുന്നത് പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ആയിരുന്നു എന്നു കാണുന്നു. കാരണം ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചത് പഞ്ചായത്ത് ഡയറക്ടറേറ്റിൽ ആയിരുന്നു. മേൽപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പെരുമാതുറ പഞ്ചായത്തുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റുമായി ബന്ധപ്പെട്ടതായതിനാൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഏതെങ്കിലും തരത്തിലുള്ള പരാതികളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതു പ്രകാരമുള്ള മറുപടിയാണ് നൽകേണ്ടിയിരുന്നത്. മേൽപ്പടി വിഷയം സംബന്ധിച്ച് ഹർജിക്കാരനെ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം മേൽപ്പടി ഓഫീസിൽ ലഭ്യമല്ലെന്നാണ്. അത്തരം സാഹചര്യത്തിൽ ഹർജിക്കാരന്റെ അപേക്ഷ തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പിലേക്ക് കൈമാറേണ്ടിയിരുന്ന സാഹചര്യം ഇല്ലായിരുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റിലെ എസ്.പി.ഐ.ഒ. കൈമാറിയ കത്തിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk